**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **വനിത മതിൽ സംഘാടനം** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ.സി.ജോസഫ്**<br>**,, വി.ടി.ബൽറാം**<br>**,, അനൂപ് ജേക്കബ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ 2019 ജനുവരി ഒന്നാം തീയതി വനിത മതിൽ സംഘടിപ്പിച്ചിരുന്നോ; | (എ) നവോത്ഥാനമൂല്യ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്ന വനിതാ മതിലിന് സർക്കാർ പിന്തുണയുണ്ടായിരുന്നു. |
| (ബി) വനിത മതിൽ സംബന്ധിച്ച ക്യാംപയിൻ എല്ലാ വീടുകളിലും എത്തിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിന് ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയത്;<br>(സി) ഇതിന് ആവശ്യമായ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചിരുന്നോ; പിന്നീട് പ്രസ്തുത ഉത്തരവിൽ എന്ത് മാറ്റമാണ് വരുത്തിയത്; ഇതിനുള്ള സാഹചര്യമെന്തായിരുന്നു; | (ബി)&(സി) 07-12-2018 ന് ഇറക്കിയ സർക്കാർ ഉത്തരവ്, 12-12-2018 ൽ ഭേദഗതി ചെയ്യുകയും 31/2018-ാം നമ്പർ പ്രകാരം ഉത്തരവ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ആയതു പ്രകാരം എല്ലാ വീടുകളിലും ക്യാംപയിനുകൾ എത്തിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും ഏകോപനത്തിനുമായി വനിതാ ശിശുവികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ വിതരണം ചെയ്ത ലഘുലേഖയുടെ അച്ചടിച്ചെലവുകൾ നവോത്ഥാനമൂല്യ സംരക്ഷണ സമിതിയാണ് വഹിച്ചത്. |
| (ഡി) പ്രസ്തുത വനിത മതിൽ സംഘടിപ്പിച്ചതിലൂടെ സാമൂഹ്യ പരിഷ്കരണ നേട്ടങ്ങൾ, നവോത്ഥാന മൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് സാധിച്ചതായി വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) സാമൂഹ്യ പരിഷ്കരണത്തിന്റെ ഭാഗമായുണ്ടായ നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളിലുണർത്തുന്നതിനും 50 ലക്ഷത്തിലേറെ വനിതകൾ പങ്കെടുത്ത വനിതാ മതിൽ കൊണ്ട് സാധിച്ചിട്ടുണ്ട്. എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി നവോത്ഥാനമൂല്യങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള ബോധവത്ക്കരണ പരിപാടികൾ തുടർന്നും നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ